# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAEKM(P3)1937/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 16/06/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAEKM(P3)1937/21 തീയ്യതി: 16/06/2022

## എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| കെ എ ഷാജിമോൻ | ഡെപ്യൂട്ടി ഡയറക്ടർ | 08-12-2021 | 21-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-12-2021 | 21-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സാലി ജോസഫ് ,ഓഡിറ്റ് ഓഫീസർ
റ്റി ഒ പോളി ,ഓഡിറ്റ് ഓഫീസർ
ബബിത ബി കുമാർ , സീനിയർ ഗ്രേഡ് ഓഡിറ്റർ
കെ പി മേഴ്സി,സീനിയർ ഗ്രേഡ് ഓഡിറ്റർ
ഹരീഷ് പി ആർ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷിൾഡ റേബേറോ | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 01-11-2020 | 19-12-2020 |
| ഫ്രാൻസിസ്.റ്റി.റ്റി | പ്രസിഡന്റ് | 20-12-2020 | 31-03-2021 |
| റുബിന.കെ.എച്ച് | സെക്രട്ടറി | 01-04-2020 | 14-06-2020 |
| ദിമിത്രോവ്.കെ.ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-06-2020 | 17-07-2020 |
| റുബിന.കെ.എച്ച് | സെക്രട്ടറി | 18-07-2020 | 02-03-2021 |
| ദിമിത്രോവ്.കെ.ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ദിമിത്രോവ്.കെ.ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ദിമിത്രോവ്.കെ.ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഡോ.പി.എ.സൈറ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| രമ്യ.കെ.ഡി | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 31-03-2021 |
| ഡോ.ശ്രീകുമാരി.ഡി | മെഡിക്കൽ ഓഫീസർ (CHC) | 01-04-2020 | 31-03-2021 |
| ഡോ.ശ്രീകുമാരി.ഡി | മെഡിക്കൽ ഓഫീസർ (CHC) | 01-04-2020 | 31-03-2021 |
| ഡോ.മെഴ്സി ഗോൺസാൽവസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.സ്മിത | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2020 | 31-03-2021 |
| ശ്രീലത.എം.ആർ | ഹെഡ് മിസ്ട്രസ്, ഗവ. ഫിഷറീസ്,യു.പി.സ്കൂൾ | 01-04-2020 | 31-03-2021 |
| സ്മിത.കെ.റ്റി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 01-07-2020 |
| അനില രഘുനാഥ് | അസിസ്റ്റന്റ് എഞ്ചിനീയർ | 02-07-2020 | 31-03-2021 |
| ജിജി ജോസഫ് | കൃഷി ഓഫീസർ | 01-04-2020 | 24-06-2020 |
| പൂജ വി നായർ | കൃഷി ഓഫീസർ | 25-06-2020 | 10-09-2020 |
| അനുജ ജോർജ്ജ് | കൃഷി ഓഫീസർ | 11-09-2020 | 05-10-2020 |
| ആഞ്ചല സിറിയക്ക് | കൃഷി ഓഫീസർ | 06-10-2020 | 31-03-2021 |
| മറിയാമ്മ | ഐ.സി.ഡി.എസ് | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| രതീഷ് ബാബു | ഡയറി ഡവലപ്മെന്റ് ഓഫീസർ | 01-04-2020 | 01-07-2020 |
| ബിന്ദുജ | ഡയറി ഡവലപ്മെന്റ് ഓഫീസർ | 02-07-2020 | 31-03-2021 |
| സുനന്ദ.എം.എസ് | വി.ഇ.ഒ,ഞാറയ്ക്കൽ ഈസ്റ്റ് | 01-04-2020 | 22-02-2021 |
| ജോസഫ്.കെ.വി | വി.ഇ.ഒ,ഞാറയ്ക്കൽ ഈസ്റ്റ് | 23-02-2021 | 31-03-2021 |
| സ്മിത.പി.ജി | വി.ഇ.ഒ,ഞാറയ്ക്കൽ വെസ്റ്റ് | 01-04-2020 | 10-09-2020 |
| സുനന്ദ.എം.എസ് | വി.ഇ.ഒ,ഞാറയ്ക്കൽ വെസ്റ്റ് | 11-09-2020 | 09-02-2021 |
| ജോസഫ്.കെ.വി | വി.ഇ.ഒ,ഞാറയ്ക്കൽ വെസ്റ്റ് | 10-02-2021 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Saly Joseph (Audit Officer (HG), On 19-12-2021)<br>Last Updated By: Bindu L (Computer Assistant, On 29-04-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Saly Joseph (Audit Officer (HG), On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 29-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Saly Joseph (Audit Officer (HG), On 19-12-2021)<br>Last Updated By: Bindu L (Computer Assistant, On 29-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: T.O.Polly (Audit Officer, On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 29-04-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Saly Joseph (Audit Officer (HG), On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 29-04-2022) | 1-5 |
| 6 | ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി<br>Written By: Saly Joseph (Audit Officer (HG), On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 29-04-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Saly Joseph (Audit Officer (HG), On 21-12-2021)<br>Last Updated By: Bindu L (Computer Assistant, On 04-05-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Saly Joseph (Audit Officer (HG), On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 29-04-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Saly Joseph (Audit Officer (HG), On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 29-04-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Saly Joseph (Audit Officer (HG), On 19-12-2021)<br>Last Updated By: Bindu L (Computer Assistant, On 04-05-2022) | 1-10 |
| 11 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Hareesh P.R (Auditor, On 21-12-2021)<br>Last Updated By: Bindu L (Computer Assistant, On 29-04-2022) | 1-11 |
| 12 | വാടക കുടിശ്ശിക ഈടാക്കിയില്ല<br>Written By: Hareesh P.R (Auditor, On 21-12-2021)<br>Last Updated By: Bindu L (Computer Assistant, On 29-04-2022) | 1-12 |
| 13 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്യുന്നില്ല<br>Written By: Mercy KP (Auditor, On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 29-04-2022) | 1-13 |
| 14 | ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല<br>Written By: Hareesh P.R (Auditor, On 21-12-2021)<br>Last Updated By: Bindu L (Computer Assistant, On 29-04-2022) | 1-14 |
| 15 | ഡെപ്പോസിറ്റ് രജിസ്റ്റർ - അപാകതകൾ<br>Written By: Hareesh P.R (Auditor, On 21-12-2021)<br>Last Updated By: Bindu L (Computer Assistant, On 29-04-2022) | 1-15 |
| 16 | പാരാമെഡിക്കൽ ലൈസൻസ്– അപാകതകൾ<br>Written By: Hareesh P.R (Auditor, On 21-12-2021)<br>Last Updated By: Bindu L (Computer Assistant, On 29-04-2022) | 1-16 |
| 17 | വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് | 1-17 |

| | | |
|---|---|---|
| | പുതുക്കിയിട്ടില്ല<br>Written By: Hareesh P.R (Auditor, On 21-12-2021)<br>Last Updated By: Bindu L (Computer Assistant, On 29-04-2022) | |
| 18 | ഐമോസ്റ്റ് അക്കാഡമി – ബിൽഡിംഗ് പെർമിറ്റ് എടുത്തിട്ടില്ല<br>Written By: Hareesh P.R (Auditor, On 21-12-2021)<br>Last Updated By: Bindu L (Computer Assistant, On 29-04-2022) | 1-18 |
| 19 | ഉറപ്പിച്ച ലേലം ന്യായമല്ലാത്ത കാരണത്താൽ റദ്ദ് ചെയ്തു<br>Written By: Hareesh P.R (Auditor, On 21-12-2021)<br>Last Updated By: Bindu L (Computer Assistant, On 29-04-2022) | 1-19 |
| 20 | തെക്കെ പശു ഏക്കർ എന്ന സ്ഥലത്തിന്റെ ലേല വിഹിതം സംബന്ധിച്ച അപാകത<br>Written By: Hareesh P.R (Auditor, On 21-12-2021)<br>Last Updated By: Bindu L (Computer Assistant, On 30-04-2022) | 1-20 |
| 21 | എസ്സി.ടി വിദ്യാർത്ഥികൾക്ക് മേശ, കസേര – അപാകതകൾ<br>Written By: Babitha B Kumar (Senior Grade Auditor, On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 30-04-2022) | 1-21 |
| 22 | മൂന്ന് അംഗൻവാടി കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായട്ടില്ല<br>Written By: Mercy KP (Auditor, On 21-12-2021)<br>Last Updated By: Bindu L (Computer Assistant, On 30-04-2022) | 1-22 |
| 23 | ഒരേ പ്രോജക്ട് രണ്ട് നിർവഹണഉദ്യോഗസ്ഥരെ ഏൽപ്പിക്കുന്നത് ഒഴിവാക്കേണ്ടതാണ്.<br>Written By: Mercy KP (Auditor, On 18-12-2021)<br>Last Updated By: Bindu L (Computer Assistant, On 30-04-2022) | 1-23 |
| 24 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - അപാകതകൾ<br>Written By: Mercy KP (Auditor, On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 30-04-2022) | 1-24 |
| 25 | LIFE ഭവനനിർമ്മാണം - ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 30-04-2022) | 1-25 |
| 26 | വാർഡുതല-ബാലസഭ<br>Written By: Saly Joseph (Audit Officer (HG), On 22-12-2021)<br>Last Updated By: Bindu L (Computer Assistant, On 30-04-2022) | 1-26 |
| 27 | SSK വിഹിതം -വിനിയോഗ വിവരം ലഭ്യമാക്കിയില്ല<br>Written By: Saly Joseph (Audit Officer (HG), On 22-12-2021)<br>Last Updated By: Bindu L (Computer Assistant, On 30-04-2022) | 1-27 |
| 28 | IKM, വിഹിതം - വിനിയോഗ വിവരം ലഭ്യമാക്കിയില്ല.<br>Written By: Saly Joseph (Audit Officer (HG), On 22-12-2021)<br>Last Updated By: Bindu L (Computer Assistant, On 13-06-2022) | 1-28 |
| 29 | CFLTC പ്രവർത്തന ചെലവ് - അപാകതകൾ<br>Written By: Saly Joseph (Audit Officer (HG), On 22-12-2021)<br>Last Updated By: Bindu L (Computer Assistant, On 30-04-2022) | 1-29 |
| 30 | മരം വെട്ടി മാറ്റിയത് മരത്തിന്റെ വിനിയോഗം വ്യക്തമല്ല<br>Written By: T.O.Polly (Audit Officer, On 06-01-2022)<br>Last Updated By: Bindu L (Computer Assistant, On 30-04-2022) | 1-30 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ST വിദ്യാർത്ഥികൾക്ക് മേശ,കസേര -അപാകതകൾ<br>Written By: Babitha B Kumar (Senior Grade Auditor, On 21-12-2021)<br>Last Updated By: Bindu L (Computer Assistant, On 04-05-2022) | 3-1 |
| 2 | വാർഡുതല-ബാലസഭ, അധികം തുക ചെലവഴിച്ചു.<br>Written By: Saly Joseph (Audit Officer (HG), On 22-12-2021)<br>Last Updated By: Bindu L (Computer Assistant, On 04-05-2022) | 3-2 |

| ഭാഗം **4** | | |
|---|---|---|
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Saly Joseph (Audit Officer (HG), On 21-12-2021)<br>Last Updated By: Bindu L (Computer Assistant, On 04-05-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം<br>Written By: Babitha B Kumar (Senior Grade Auditor, On 15-12-2021)<br>Last Updated By: Bindu L (Computer Assistant, On 04-05-2022) | 4-2 |
| 3 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Babitha B Kumar (Senior Grade Auditor, On 14-12-2021)<br>Last Updated By: Bindu L (Computer Assistant, On 04-05-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Saly Joseph (Audit Officer (HG), On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 04-05-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Saly Joseph (Audit Officer (HG), On 21-12-2021)<br>Last Updated By: Bindu L (Computer Assistant, On 04-05-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Saly Joseph (Audit Officer (HG), On 21-12-2021)<br>Last Updated By: Bindu L (Computer Assistant, On 04-05-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Saly Joseph (Audit Officer (HG), On 21-12-2021)<br>Last Updated By: Bindu L (Computer Assistant, On 04-05-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Saly Joseph (Audit Officer (HG), On 21-12-2021)<br>Last Updated By: Bindu L (Computer Assistant, On 04-05-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Saly Joseph (Audit Officer (HG), On 21-12-2021)<br>Last Updated By: Bindu L (Computer Assistant, On 04-05-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Saly Joseph (Audit Officer (HG), On 21-12-2021)<br>Last Updated By: Bindu L (Computer Assistant, On 13-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Saly Joseph (Audit Officer (HG), On 20-12-2021)<br>Last Updated By: Bindu L (Computer Assistant, On 04-05-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

26/03/2020 തീയതിയിലെ 1/1 തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2021 | 17.5.2021 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 25573111.00 |
| വരവ് | 72003464 |
| ആകെ | 97576575 |
| ചെലവ് | 81198359 |
| നീക്കിയിരിപ്പ് | 16378216.00 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (ACR പ്രകാരം) | ആകെ | ചെലവ് | നീക്കി യിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 15048776 | 15048776 | 14760756 | | 288020 |
| വികസന ഫണ്ട് (SCP) | 0 | 10104667 | 10104667 | 4168387 | | 5936280 |
| വികസനഫണ്ട് (TSP) | 0 | 98000 | 98000 | 72898 | | 25102 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 6187000 | 6187000 | 4009022 | | 2177978 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3909059 | 3909059 | 2594277 | | 1314782 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 0 | 11456148 | 11456148 | 6107419 | | 5348729 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 0 | 5400000 | 5400000 | 1426960 | | 3973040 |
| ദുരിതാശ്വാസനിധി 311100101 | | 5742 | 5742 | 2000 | 3742 | |
| Other Trust Or Agency Funds (Amrutham First Meal) 311710199 | 7401 | 392235 | 399636 | 261089 | 138547 | |
| Other Special Funds (For Use Of SC Community) 312100199 | 15000 | 0 | 15000 | 0 | 15000 | |
| BSUP 320100114 | 2627644 | 72196 | 2699840 | | 2699840 | |
| Total Sanitation Campaign 320100115 | 9182 | 0 | 9182 | 0 | 9182 | |
| ICDS 320100121 | 1655241 | 411445 | 2066686 | 840880 | 1225806 | |
| Solid Waste 320100203 | 243543 | 0 | 243543 | 0 | 243543 | |

| | | | | | | |
|---|---|---|---|---|---|---|
| HUDCO 320200301 | 124352 | 2563 | 126915 | 0 | 126915 | |
| ശുചിത്വമിഷൻ 320200322 | 594784 | 3369226 | 3964010 | 1196462 | 2767548 | |
| LIFE State Share 320200399 | 1620000 | 100000 | 1720000 | 1720000 | 0 | |
| ജലനിധി 320300102 | 10000 | 0 | 10000 | 0 | 10000 | |
| Road Restoration , Vimukthi 320300199 | 1921452 | 0 | 1921452 | 1602837 | 318615 | |
| CHIAK 320400199 | 9776 | 0 | 9776 | 0 | 9776 | |
| Asraya 320500101 | 246667 | 1333333 | 1580000 | 1339733 | 240267 | |
| Library Grant 320200308 | 0 | 21120 | 21120 | 21120 | 0 | |

വികസനഫണ്ട് (ജനറൽ) – 1710224/- രൂപ G O പ്രൊജക്ട് ചെലവ്

1) LIFE -മുതൽ തിരിച്ചടവ് – 702824 /-

2) അങ്കണവാടി ജീവനക്കാരുടെ പ്രതിഫലയിനത്തിൽ ഈടാക്കുന്ന തുക - 10,07,400 /-

വികസനഫണ്ട് (SCP) – 29333/- G O പ്രൊജക്ട് ചെലവ് (LIFE -മുതൽ തിരിച്ചടവ് )

| ഫണ്ടിനം | അലോട്ട്മെന്റ്പ്രകാരം വരവ് | ചെലവ് | ചെലവഴിക്കാതെ ലാപ്സായ തുക | ലാപ്സായ തുകയുടെ ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 15048776 | 14760756 | 288020 | 1.91 % |
| വികസന ഫണ്ട് (SCP) | 10104667 | 4168387 | 5936280 | 58.75 % |
| വികസനഫണ്ട് (TSP) | 98000 | 72898 | 25102 | 25.61 % |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 6187000 | 4009022 | 2177978 | 35.2 % |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3909059 | 2594277 | 1314782 | 33.63 % |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 11456148 | 6107419 | 5348729 | 46.69 % |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 5400000 | 1426960 | 3973040 | 73.57 % |

ഓരോ വർഷവും ഗ്രാന്റായി ലഭിക്കുന്ന തുകയുപയോഗിച്ച് ഗ്രാമപഞ്ചായത്തിൽ യഥാസമയം പ്രൊജക്ടുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ഭരണസമിതി പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 213 | 41817000 | 161 | 32544426 | 10 | 52 | 75.58 |

## 1-6 ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 0 | 1286489 | 1286489 | 1286459 | 30 |
| കൂലിചെലവ് | 0 | 16423087 | 16423087 | 16423087 | 0 |
| ആകെ | 0 | 17709576 | 17709576 | 17709546 | 30 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 20640 | 28 |
| കർഷകതൊഴിലാളി പെൻഷൻ | 2093900 | 129 |
| വിധവാപെൻഷൻ | 14896800 | 1009 |
| വാർദ്ധക്യകാലപെൻഷൻ | 29823100 | 2230 |
| വികലാംഗപെൻഷൻ | 3819200 | 257 |
| | | |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.12.2021 അസി.സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 74,705/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമല്ല. ചുവടെ ചേർത്ത അപാകതകൾ പരിഹരിക്കേണ്ടതാണ്.

1. രജിസ്റ്ററുകളും ചെലവുരേഖകളും തൃപ്തികരമായ രീതിയിലല്ല സൂക്ഷിച്ചു പോരുന്നത്. സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

2. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾ വാർഷികാവശ്യം പരിഗണിച്ച് തിട്ടപ്പെടുത്തപ്പെടുന്നില്ല.

3. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

4 വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

5. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6. തൊഴിൽനികുതി, ലൈസൻസ് എന്നിവയ്ക്കായി സ്ഥാപന രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

7. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

8. ദിവസ വേതന അടിസ്ഥാനത്തിൽ വർഷങ്ങളായി പാർട്ട്ടൈം സ്വീപ്പർ തസ്തികയിൽ നിയമനം നടത്തുന്നത് ക്രമപ്രകാരമല്ല.

9. തെരുവ് വിളക്ക് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല. റദ്ദ് ചെയ്യുന്ന രസീതുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

10. രസീത് ബുക്കുകളിൽ എണ്ണൽ സാക്ഷ്യപത്രം രേഖപ്പെടുത്തുന്നില്ല.

11. ക്യാൻസൽ ചെയ്ത രസീതുകളിൽ ക്യാൻസൽ ചെയ്തതിന്റെ കാരണം രേഖപ്പെടുത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05/11/2021 | 2020-21 To 2021-22 | റിപ്പോർട്ട് ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ | 1/02/2016 | 2010-11 To | 11/03/2016 |

| | | | |
|---|---|---|---|
| ഓഡിറ്റ് | | 2014-15 | |

## 1-11 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2020-21 സാമ്പത്തിക വർഷത്തിലെ മാന്വൽ, സാംഖ്യാ രസീതുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) മാന്വൽ രസീത് ബുക്കുകളിലെ വളരെയധികം രസീതുകൾ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു. ടി രസീതുകൾ ഒന്നും തന്നെ ക്യാൻസൽ ചെയ്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) മാന്വൽ രസീത് ബുക്ക് ഉപയോഗിച്ച് തുകകൾ പിരിക്കുമ്പോൾ ചില രസീതുകളുടെ കൗണ്ടർ ഫോയിൽ പണമടയ്ക്കുന്ന വ്യക്തികൾക്ക് നൽകുന്നില്ല.

മാന്വൽ, സാംഖ്യാ രസീതുകൾ ക്യാൻസൽ ചെയ്യേണ്ട സാഹചര്യത്തിൽ രസീതും, കൗണ്ടർ ഫോയിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 1-12 വാടക കുടിശ്ശിക ഈടാക്കിയില്ല

2020-21 സാമ്പത്തിക വർഷത്തിലെ വാടക രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ വാടക കെട്ടിടങ്ങളിൽ നിന്നും വാടക കുടിശ്ശിക ഇനത്തിൽ നിലവിൽ 1,67,844/- രൂപ ലഭിക്കാനുള്ളതായിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാടകക്കാരന്റെ പേര് | കുടിശ്ശിക |
|---|---|---|
| 1 | ചിത്തിര | 32,712 |
| 2 | ആന്റണി | 26,940 |
| 3 | ആന്റണി | 57,216 |
| 4 | രാജു | 17,844 |
| 5 | രമ്യ | 33,132 |
| | ആകെ | 1,67,844/- |

മേൽ അപാകത സംബന്ധിച്ച് 18.12.2021 ൽ നൽകിയ എൻക്വയറി നം.12 ന് ലഭ്യമാക്കിയ മറുപടിയിൽ കുടിശ്ശികക്കാർക്ക് എല്ലാവർക്കും നോട്ടീസ് നൽകിയിട്ടുണ്ടെന്നും, കോവിഡ് 19 ലോക്ഡൗൺ കാരണം സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കുവാൻ കഴിയാത്തതു മൂലമാണ് വാടക അടവാക്കാത്തത് എന്ന് വാടകക്കാർ അറിയിക്കുകയുണ്ടായെന്നും. അവർക്ക് ഒരു നോട്ടീസ് കൂടി നൽകി എത്രയും വേഗം ഈടാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും പഞ്ചായത്ത് അധികൃതർ വ്യക്തമാക്കി. 2020-21 സാമ്പത്തിക വർഷത്തിൽ അടവാക്കാനുണ്ടായ വാടക കുടിശ്ശിക നാളിതുവരേയായും ഈടാക്കിയിട്ടില്ല. മുകളിൽ സൂചിപ്പിച്ചവരിലെ ചില വ്യക്തികൾ 2020-21 സാമ്പത്തിക വർഷത്തിൽ വാടക ഇനത്തിൽ യാതൊരു തുകയും അടവാക്കിയിട്ടില്ലാത്തതാണ്. ദീർഘനാളുകളായി വാടകയിനത്തിൽ പഞ്ചായത്തിനു ലഭിക്കേണ്ട വരുമാനം പിരിച്ചെടുക്കുന്നതിലെ കാര്യക്ഷമതക്കുറവ് കാരണം ഇപ്പോഴും കുടിശ്ശികയായി നിലനിൽക്കുന്നു. വാടക അടവാക്കാനുള്ള വ്യക്തികളിൽ നിന്നും വാടക കുടിശ്ശിക പിഴ പലിശ സഹിതം ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ച് ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-13 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്യുന്നില്ല

ഗ്രാമ പഞ്ചായത്തിൻെറ 2020-21 ലെ എഗ്രിമെന്റ് രജിസ്ററർ പ്രകാരം താഴെ പറയുന്ന കോൺട്രാക്ടർമാർ കരാർ പ്രകാരം ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയിരുന്നതായി കാണുന്നു. കൂടാതെ ഒന്നിലധികം ജോലികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളവരും ഉണ്ട്.

| ക്രമ നം. | കോൺട്രാക്ടറുടെ പേര് |
|---|---|
| 1 | ജീസ് മോൻ |
| 2 | ജോബി.കെ.എസ്. |
| 3 | സാബു. എം ഡി. |
| 4 | എ.ടി. സന്തോഷ് |
| 5 | ബാബു കെ.കെ |
| 6 | ഹൈടെക് ഫർണസ് പ്രൈ. ലി. |

എഗ്രിമെന്റ് രജിസ്റ്ററിൽ പണി പൂർത്തീകരിക്കുന്ന തീയതി രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ എത്ര ദിവസം ജോലി

ചെയ്തു എന്ന വിവരം കണക്കാക്കാനാവുന്നില്ല.

ഇതു സംബന്ധിച്ച് വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 3 തീയതി 13.12.21) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല

1. എഗ്രിമെന്റ് രജിസ്റ്ററിൽ, പൂർത്തീകരണ തീയതി രേഖപ്പെടുത്തി ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

2. കോൺട്രാക്ട് ഒപ്പിട്ട തീയതി മുതൽ ജോലി പൂർത്തീകരിച്ച തീയതിവരെ കണക്കാക്കുമ്പോൾ 60 ദിവസത്തിലധികം ജോലി ചെയ്തിരുന്ന കരാറുകാരിൽ നിന്ന് ചട്ടപ്രകാരം നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്.

## 1-14 ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല

ലൈസൻസ് അപേക്ഷകളും, തൊഴിൽ നികുതി രജിസ്റ്ററും പരിശോധിച്ചതിൽ ലൈസൻസ് എടുത്ത ചില സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചിട്ടില്ല. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | സ്ഥാപനം/ ഉടമയുടെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 7/157 | തളിയത്ത് കാർട്ടൻസ് | 4 |
| 2 | 4/148 | ക്ലാസിക്ക് കാർട്ടൻസ് | 6 |
| 3 | 16/244 | എഫ്.കെ.ഫുഡ്സ് | 6 |
| 4 | 5/116 ജി, എച്ച്, ഐ, ജെ, കെ | വിവിഡ് ലൈഫ് ലൈൻ ലാബ് | 5 |
| 5 | 2/128,129,130 | വീപീസ് ഞാറയ്ക്കൽ | 4 |
| 6 | 15/518 സി | ഫൈൻ വിഷൻ കെയർ | 4 |
| 7 | 10/42 | കൃഷണ ഇൻഡസ്ട്രീസ് | 3 |
| 8 | 5/510 എൻ | സ്മൈൽ ഡിസൈൻ ഡെന്റൽ ക്ലിനിക്ക് | 2 |
| 9 | 2/108,109,110,111 | രാധാസ് സിൽക്ക് പാലസ് | 4 |
| 10 | 9/5 എ | പി.ജെ.മാർക്കറ്റിംഗ് | 6 |
| 11 | 15/625, 625എ | മെട്രോ ഏജൻസീസ് | 4 |
| 12 | 3/275 | ഫ്രഷ് ഫിഷ് കൊച്ചി | 10 |
| 13 | 4/593 | ഐശ്വര്യ ഇൻഡസ്ട്രീസ് | 7 |
| 14 | 14/390 | ക്രിസ്മരിയ ഫുഡ് പാക്കേർസ് | 12 |
| 15 | 11/25 ഇ | ഫ്രഷ് ചോയ്സ് സൂപ്പർമാർട്ട് | 5 |
| 16 | 2/123 | ആർ.സി.പ്രോസ്സസേർസ് | 10 |

ലൈസൻസ് എടുക്കുവാൻ വേണ്ടി നൽകുന്ന അപേക്ഷയിൽ പല സ്ഥാപനങ്ങളും തങ്ങളുടെ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ടി അപേക്ഷകളുടെ പരിശോധനയിൽ രണ്ടോ അധിലധികമോ ജീവനക്കാരുള്ള നിരവധി സ്ഥാപനങ്ങൾ തങ്ങളുടെ ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് 14.12.2021 തീയതിയിൽ നൽകിയ എൻക്വയറി നം.5 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മുകളിൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ഡെപ്പോസിറ്റ് രജിസ്റ്റർ - അപാകതകൾ

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1 ആർട്ടിക്കിൽ 282-5(സി) പ്രകാരം 3 സാമ്പത്തിക വർഷത്തിനുള്ളിൽ ക്ലെയിം ചെയ്യപ്പെടാത്ത ഡെപ്പോസിറ്റുകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 3 വർഷത്തിലധികമായിട്ടും തിരികെ നൽകാത്ത ഡെപ്പോസിറ്റുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ഡെപ്പോസിറ്റ് രജിസ്റ്ററിൽ കോൺട്രാക്ടറുടെ ഇ.എം.ഡി, കോൺട്രാക്ടറുടെ എസ്.ഡി എന്നിവയിൽ യഥാക്രമം 12740/-, 8660/- എന്നീ തുകകൾ മുന്നിരിപ്പായി 2016-17 സാമ്പത്തിക വർഷം മുതൽ 2020-21 വരെ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു.

2) ലേലത്തിൽ പങ്കെടുത്തവരുടെ ഇ.എം.ഡി (Bidders EMD) തുകകൾ 3 വർഷം കഴിഞ്ഞിട്ടും തിരികെ നൽകിയിട്ടില്ല. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി/ രസീത് നം. | ലേലക്കാരന്റെ പേര് | തുക |
|---|---|---|---|
| 1 | 26.10.2017/ 117010102524 | ഷാർപ്പ് സിസ്റ്റംസ് | 4800/- |

| | | | |
|---|---|---|---|
| 2 | 26.10.2017/ 117010102545 | കീർത്തി ഫർണിച്ചേർസ്സ് | 2100/- |
| 3 | 31.10.2017/ 117010102591 | ജോസഫ് മയ്യാറ്റിൽ | 2000/- |
| 4 | 09.11.2017/ 117010102688 | പ്രസാദ്.കെ.ബി. | 2000/- |
| 5 | 18.11.2017/ 117010102774 | രഞ്ജിത്ത് കണ്ണപ്പശ്ശേരി | 2000/- |
| 6 | 18.11.2017/ 117010102775 | രാജേഷ് | 2000/- |
| 7 | 20.11.2017/ 117010102798 | ഇന്തോ ഇലക്ട്രിക്കൽ ഡിസ്ട്രിബ്യൂട്ടേഴ്സ് | 1000/- |

3) മുൻ വർഷങ്ങളിൽ തിരികെ നൽകിയ ചില ഡെപ്പോസിറ്റുകൾ Bidders EMD) 2020-21 സാമ്പത്തിക വർഷത്തിൽ വീണ്ടും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തീയതി/ രസീത് നം | ലേലക്കാരന്റെ പേര് | തുക |
|---|---|---|---|
| 1 | 26.10.2017/ 117010102542 | കീർത്തി ഫർണിച്ചേർസ്സ് | 2400/- |
| 2 | 26.10.2017/ 117010102543 | ,, ,, | 2500/- |
| 3 | 20.11.2017/ 117010102793 | കെ.എം.ടെക്നോളജീസ് | 1000/- |
| 4 | 23.11.2017/ 117010500051 | ചാനൽ കോപ്പിയേഴ്സ് | 1000/- |

മേൽ അപാകതകൾ സൂചിപ്പിച്ച് 20.12.2021 തീയതിയിൽ നൽകിയ എൻക്വയറി നം.14 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

3 സാമ്പത്തിക വർഷമായിട്ടും ക്ലയിം ചെയ്യപ്പെടാത്ത ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. മുൻ വർഷങ്ങളിൽ തിരികെ നൽകിയ ഡെപ്പോസിറ്റ് തുകകൾ വീണ്ടും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത് ശരിയായ പ്രവണതയല്ല. ഡെപ്പോസിറ്റുകളുടെ വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമായും, കാലോചിതമായും രേഖപ്പെടുത്തേണ്ടതും ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. മുൻ കാലങ്ങളിലെ മുന്നിരിപ്പുകൾ പരിശോധിക്കേണ്ടതും 3 വർഷത്തിലേറെയായി തിരികെ നൽകാത്ത ഡെപ്പോസിറ്റുകൾ ടി മുന്നിരിപ്പിൽ ഉണ്ടെങ്കിൽ അത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതും ബാലൻസ് പരിശോധിച്ച് തിരുത്തേണ്ടതുമാണ്. മേൽ പറഞ്ഞിരിക്കുന്ന ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി ആയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 പാരാമെഡിക്കൽ ലൈസൻസ്- അപാകതകൾ

പാരാമെഡിക്കൽ ലൈസൻസിന്റെ രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 സാമ്പത്തിക വർഷത്തിൽ ലൈസൻസ് എടുത്ത ചില സ്ഥാപനങ്ങൾ 2020-21 സാമ്പത്തിക വർഷത്തിൽ ലൈസൻസ് പുതുക്കിയതായി കാണുന്നില്ല. ടി സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പാരാമെഡിക്കൽ സ്ഥാപനം |
|---|---|
| 1 | സൗന്ദര്യ ശാസ്ത്ര ക്രീം ക്ലിനിക്ക് |
| 2 | നമോ ക്ലിനിക്ക് |
| 3 | ശക്തി ക്ലിനിക്ക് |
| 4 | മെഡിലൈൻ ലബോറട്ടറി |
| 5 | സ്പെഷ്യാലിറ്റി ദന്തൽ കെയർ |
| 6 | അമൃത കമ്മ്യൂണിറ്റി ഹെൽത്ത് ട്രെയിനിങ് സെന്റർ |

മേൽ അപാകത സംബന്ധിച്ച് 15.12.2021 ൽ നൽകിയ എൻക്വയറി നം.8 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലൈസൻസ് എടുപ്പിക്കാൻ വേണ്ട നടപടികൾ പഞ്ചായത്ത് അധികൃതർ കൈക്കോള്ളേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-17 വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയിട്ടില്ല

പഞ്ചായത്തിന്റെ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കിയിട്ടില്ല. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | സ്ഥാപന ഉടമയുടെ പേര് |
|---|---|---|
| 1 | 4/31,25 | അഗസ്റ്റിൻ കോലഞ്ചേരി |
| 2 | 15/425 | ശ്രീജിത്ത് ദേവസ്വംമഠം |
| 3 | 15/427 | രതീഷ് മരോട്ടിപ്പറമ്പ് |
| 4 | - | ആന്റണി പുന്നക്കപ്പറമ്പിൽ |
| 5 | - | രാജു ചിറ്റേഴത്ത് |
| 6 | 15/428 | സുനീഷ് |

| | | |
|---|---|---|
| 7 | 15/434 | രമ്യ |

മേൽ അപാകത സംബന്ധിച്ച് 15.12.2021 ൽ നൽകിയ എൻക്വയറി നം.9 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.
വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലൈസൻസ് എടുപ്പിക്കാനാവശ്യമായ നടപടികൾ പഞ്ചായത്ത് അധികൃതർ കൈക്കോള്ളേണ്ടതും ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-18 ഐമോസ്റ്റ് അക്കാഡമി – ബിൽഡിംഗ് പെർമിറ്റ് എടുത്തിട്ടില്ല

| | |
|---|---|
| പേര് | ബാബു ജോസഫ്, മാളിയേക്കൽ |
| സ്ഥലം | 362 സെന്റ് (സർവ്വേ നം.13/1 , 1.49.28 ആർ) |
| പെർമിറ്റ് നം | 3095/14 തീയതി 21.05.2014 |
| പെർമിറ്റ് പ്രകാരം കെട്ടിട വിസ്തീർണ്ണം | 2806.49 ച.മീ |
| ഉപയോഗം | വിദ്യാഭ്യാസ സ്ഥാപനം |

ഈ കെട്ടിടത്തിന് 21.05.2014 തീയതിയിൽ പെർമിറ്റ് നൽകിയിട്ടുണ്ട്. 20.10.2017 തീയതിയിൽ ടി കെട്ടിടത്തിന്റെ പെർമിറ്റ് പുതുക്കി നൽകിയിട്ടുമുണ്ട്. നിലവിൽ ഈ കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. ഈ സ്ഥലം നേരിട്ട് പരിശോധിച്ചതിൽ ഇതിന്റെ അരികിലായി ഏതാണ്ട് ഇതേ വലുപ്പത്തിൽ മാറ്റൊരു കെട്ടിടം നിർമ്മിച്ചുക്കൊണ്ടിരിക്കുന്നു എന്ന് കണ്ടു. പെർമിറ്റ് എടുക്കാതെയാണ് ഈ കെട്ടിട നിർമ്മാണം നടത്തി വരുന്നത്. ഇപ്രകാരം അധികം ചെയ്ത പ്രവൃത്തിക്ക് പെർമിറ്റ് ഫീസ് ഈടാക്കാതിരുന്നതിന്റെയും റെഗുലറൈസ് ചെയ്യാതിരുന്നതിന്റെ കാരണം സംബന്ധിച്ച് 18.12.2021 തീയതിയിൽ നൽകിയ എൻക്വയറി നം.13 ന് മറുപടി ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
ഐ മോസ്റ്റ് അക്കാദമി ടി കെട്ടിടത്തിനോട് ചേർത്ത് പുതിയതായി നിർമ്മിച്ച കെട്ടിടത്തിനു വേണ്ടി 22.09.2016 ൽ ഈ ഓഫീസിൽ പെർമിറ്റിനു വേണ്ടി അപേക്ഷ സമർപ്പിച്ചിരുന്നു. തങ്ങളുടെ പുതിയ നിർമ്മാണമായ റെസ്റ്റോറന്റ്, ചെയിഞ്ചിംഗ് റൂം തുടങ്ങിയ നിർമ്മാണത്തിനു വേണ്ടി എ8-5187/16 നമ്പർ അപേക്ഷ സമർപ്പിക്കുകയും എന്നാൽ അപേക്ഷയ്ക്ക് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി (KCZMA) യുടെ അനുമതി ആവശ്യമായതിനാൽ അപേക്ഷയും അനുബന്ധ രേഖകളും KCZMA യുടെ അനുമതിക്കായി അയച്ചു കൊടുക്കുകയും 27.05.2017 തീയതിയിൽ അപാകതകൾ സൂചിപ്പിച്ച് KCZMA യിൽ നിന്നും മറുപടി ലഭിക്കുകയും ചെയ്തു. ടി അപാകതകൾ പരിഹരിക്കുന്നതിനായി KCZMA യിൽ നിന്നുള്ള കത്ത് സഹിതം 06.06.2017 തീയതിയിൽ മാനേജിംഗ് ഡയറക്ടർ, ഐമോസ്റ്റ് അക്കാദമിക്ക് കത്ത് നൽകിയിട്ടുള്ളതാണ്. എന്നാൽ ടിയാൻ ഇതിനെതിരെ ഹൈക്കോടതിയെ സമീപിച്ചിട്ടുള്ളതാണ്. ഐമോസ്റ്റ് അക്കാദമിയുടെ നിർമ്മാണങ്ങളുമായി ബന്ധപ്പെട്ട് WP(c)16094/17, WP (C)24038/16 എന്നീ കേസുകൾ നിലവിൽ ഉള്ളതാണ്. മേൽ വിഷയങ്ങൾ ബഹു.ഹൈക്കോടതിയുടെ പരിഗണനയിൽ ആയതിനാൽ അന്തിമവിധി വരുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സാധിക്കുകയുള്ളൂ എന്ന് മറുപടിയിൽ വിശദമാക്കുന്നു.
പെർമിറ്റ് എടുക്കാതെ പണിത പ്രസ്തുത കെട്ടിടത്തിന്റെ റഗുലറൈസേഷൻ നിലവിലുള്ള കോടതി കേസുകളെ ആശ്രയിച്ചിരിക്കുന്നതിനാൽ കോടതി വിധികൾക്കനുസരിച്ച് തുടർനടപടികൾ എടുക്കുവാൻ പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. ടി കേസിന്റെ നിലവിലെ സ്ഥിതി, തുടർന്നുണ്ടാവുന്ന കോടതി നടപടികളുടെ വിവരങ്ങൾ എന്നിവ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 ഉറപ്പിച്ച ലേലം ന്യായമല്ലാത്ത കാരണത്താൽ റദ്ദ് ചെയ്തു

2020-21 സാമ്പത്തിക വർഷത്തേക്കുള്ള മത്സ്യമാർക്കറ്റിന്റെ ലേലം നടത്തിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ വിവരിക്കുന്നു.
29.02.2020 തീയതിയിൽ നടത്തിയ മത്സ്യമാർക്കറ്റിന്റെ ലേലത്തിൽ കൂടുതൽ തുകയായ 4,80,000/- രൂപ ക്വട്ടേഷനായി നൽകിയ ശ്രീ.ഷിജു മയ്യാറ്റിൽ എന്ന വ്യക്തിക്ക് ലേലം ഉറപ്പിച്ചു നൽകി. രണ്ടാമത്തെ വലിയ തുകയായ 3,90,000/- ശ്രീ.രാജു കാർലോസ് എന്ന വ്യക്തി വിളിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ.ഷിജു മയ്യാറ്റിൽ നിന്നും ഈ ഇനത്തിൽ ലേലത്തിന്റെ ¼ ആയ 1,20,000/- രൂപ 29.02.2020 തീയതിയിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 11.03.2020 തീയതിയിൽ നടന്ന അടിയന്തിരയോഗത്തിലെ 3/1 നമ്പർ തീരുമാന പ്രകാരം ടി തുക ശ്രീ.ഷിജു മയ്യാറ്റിൽ തിരികെ നൽകുവാൻ തീരുമാനമായി. പ്രസ്തുത യോഗത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
നാലാം വാർഡിൽ പൊതുമാർക്കറ്റിലെ അനധികൃത നിർമ്മാണം പൊളിച്ചതിനു ശേഷം മാത്രം ലേലം ഉറപ്പിച്ചാൽ മതിയെന്ന് വാർഡ് നം. 12 ലെ മെമ്പർ ശ്രീ. സുനിൽദത്ത് അറിയിച്ചു. നിലവിലുള്ള ലേല തുകയേക്കാൾ കൂടുതൽ തുക ക്വോട്ടു ചെയ്തിട്ടുള്ളതാണെന്നും നോട്ടീസിൽ അനധികൃത നിർമ്മാണം സംബന്ധിച്ച് സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ ലേലം ഉറപ്പിക്കേണ്ടതാണെന്നും വാർഡ് നം.16 ലെ മെമ്പർ ശ്രീ. കെ.ടി.ബിനീഷ് അഭിപ്രായപ്പെട്ടു. വരുമാന വർദ്ധനവ് ഉള്ളതിനാൽ ഇപ്പോൾ നിലവിൽ ലഭിച്ച ക്വട്ടേഷൻ ഉറപ്പാക്കണമെന്നും അനധികൃത നിർമ്മാണം പൊളിക്കേണ്ട എന്ന് അഭിപ്രായപ്പെട്ടിട്ടില്ല എന്നും അനധികൃത നിർമ്മാണവുമായി ലേലത്തിന് ബന്ധമില്ല എന്നും മൂന്നാം വാർഡ് മെമ്പർ ശ്രീ. പി.പി.ഗാന്ധി പറഞ്ഞു. ലേലം വലിയ തുകയ്ക്ക് എടുക്കുന്നവർ ആദ്യ ഗഡു അടവിനു ശേഷം മറ്റ് ഗഡു തുകകൾ ഒടുക്കാതെ വരുന്നതായും ഇതുമൂലം പഞ്ചായത്തിന് വരുമാനനഷ്ടം വരികയും ചെയ്യുന്നതിനാൽ നിയമനടപടികളിലേക്ക് പോകേണ്ട

സാഹചര്യം നിലവിൽ ഉള്ളതിനാൽ ലേലനിബന്ധനകൾ പുതുക്കി നിശ്ചയിക്കുവാനും തുടർന്ന് പുനർലേലം ചെയ്യുവാനും ഭൂരിപക്ഷാഭിപ്രായ തീരുമാനപ്രകാരം നിശ്ചയിച്ച തീരുമാനിച്ചു.

ഉറപ്പിച്ച ലേലത്തിന്റെ ¼ ആയ 1,20,000/- രൂപ ശ്രീ.ഷിജു മയ്യാറ്റിൽ എന്ന വ്യക്തിക്ക് 16.03.2020 തീയതിയിലെ വൗച്ചർ നം. 21901269 പ്രകാരം തിരികെ നൽകി.

സ്ഥിരപ്പെടുത്തിയ ലേലം റദ്ദ് ചെയ്ത് അടവാക്കിയ ഗഡു തുക തിരികെ നൽകിയതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് 15.12.2021 തീയതിയിൽ നൽകിയ എൻക്വയറി നം.10 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2019-20 സാമ്പത്തിക വർഷത്തിലെ മത്സ്യമാർക്കറ്റ് ലേലം ഉറപ്പിച്ചത് 2,90,000/- രൂപയ്ക്കും, 2020-21 സാമ്പത്തിക വർഷത്തെ 29.02.2020 തീയതിയിൽ നടന്ന ലേലം റദ്ദ് ചെയ്തതിനു ശേഷം നടന്ന പുനർലേലത്തിൽ ലേലം ഉറപ്പിച്ചത് മുൻ ലേലത്തിൽ (29.02.2020 ൽ നടന്ന) ഉറപ്പിച്ച തുകയേക്കാൾ കുറഞ്ഞ തുകയായ 1,91,000/- രൂപയ്ക്കുമായിരുന്നു. വലിയ തുകയ്ക്ക് ലേലം ഉറപ്പിച്ചതിനു ശേഷം വ്യക്തമായ കാരണങ്ങളില്ലാതെ ടി ലേലം റദ്ദാക്കുകയും പല തവണ പുനർലേലം നടത്തി മുൻ ലേലങ്ങളെക്കാൾ കുറഞ്ഞ തുകയ്ക്ക് ലേലം ഉറപ്പിക്കേണ്ടിവന്നത് പഞ്ചായത്തിനുണ്ടായ വരുമാന നഷ്ടമായി ഓഡിറ്റ് വിലയിരുത്തുന്നു. കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 156എ പ്രകാരം മതിയായ വില ലഭ്യമാകുന്നില്ലെങ്കിൽ പുനർലേലം പരിഗണിക്കേണ്ടതാണ് എന്നാണ്. എന്നാൽ "ലേലം വലിയ തുകയ്ക്ക് എടുക്കുന്നവർ ആദ്യ ഗഡു അടവിനു ശേഷം മറ്റ് ഗഡു തുകകൾ ഒടുക്കാതെ വരുന്നതായും ഇതുമൂലം പഞ്ചായത്തിന് വരുമാനനഷ്ടം വരികയും ചെയ്യുന്നതിനാൽ നിയമനടപടികളിലേക്ക് പോകേണ്ട സാഹചര്യം നിലവിൽ ഉള്ളതിനാൽ ലേലനിബന്ധനകൾ പുതുക്കി നിശ്ചയിക്കുവാനും തുടർന്ന് പുനർലേലം ചെയ്യുവാനും ഭൂരിപക്ഷാഭിപ്രായ തീരുമാനപ്രകാരം നിശ്ചയിച്ച തീരുമാനിച്ചു" എന്ന ന്യായമല്ലാത്ത കാരണത്താൽ ഉറപ്പിച്ച ലേലം റദ്ദ് ചെയ്ത നടപടി അംഗീകരിക്കാനാവുന്നതല്ല. ഭാവിയിൽ ഇത്തരം അപാകതകൾ വരാതിരിക്കാൻ പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 തെക്കെ പശു ഏക്കർ എന്ന സ്ഥലത്തിന്റെ ലേല വിഹിതം സംബന്ധിച്ച അപാകത

2020-21 സാമ്പത്തിക വർഷത്തിൽ തെക്കെ പശു ഏക്കർ എന്ന സ്ഥലത്തിന്റെ ലേല വിഹിതം [Rent Receivables From Lease Of Lands (Current)-431400103] എന്ന ഹെഡിൽ 24.03.2021 തീയതിയിൽ വൗച്ചർ നം.120180900217 പ്രകാരം സെക്രട്ടറി, ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ പേരിൽ 3,72,222/- രൂപ എസ്.ബി.എ, ഞാറയ്ക്കൽ അക്കൌണ്ട് നം 67382331961 ൽ വരവ് വന്നിട്ടുണ്ട്. തെക്കെ പശു ഏക്കർ എന്ന സ്ഥലം നിലവിൽ നായരമ്പലം – ഞാറയ്ക്കൽ പഞ്ചായത്ത് അതിർത്തിയിലുള്ള സ്ഥലമാണെന്നും, ഈ സ്ഥലം സ്ഥിതി ചെയ്യുന്നത് ഭൂരിഭാഗവും നായരമ്പലം പഞ്ചായത്തിലാണെന്നും, ടി പഞ്ചായത്ത് നടത്തിയ ലേലത്തിൽ നിന്നുള്ള വരുമാനത്തിന്റെ ഞാറയ്ക്കൽ പഞ്ചായത്തിന്റെ വിഹിതമാണ് മേൽ പറഞ്ഞ 3,72,222/- രൂപ എന്നുമാണ് പഞ്ചായത്ത് അധികൃതർ അറിയിച്ചത്. എത്ര തുകയ്ക്കാണ് ലേലം നടന്നതെന്നും, ലേലത്തിന്റെ എത്ര ശതമാനം വിഹിതമാണ് ഞാറയ്ക്കൽ പഞ്ചായത്തിന് ലഭിച്ചതെന്നും, എന്തിന്റെയടിസ്ഥാനത്തിലാണ് ടി ശതമാനം കണക്കാക്കിയതെന്നും, പ്രസ്തുത ലേലം മുൻ സാമ്പത്തിക വർഷങ്ങളിൽ നടന്നിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ എന്നിവ നൽകണമെന്നാവശ്യപ്പെട്ട് 21.12.2021 ൽ നൽകിയ എൻക്വയറി നം.17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ പ്രസ്താവിച്ചിരിക്കുന്ന ലേലവുമായി ബന്ധപ്പെട്ട് രജിസ്റ്ററുകളോ, മറ്റ് അനുബന്ധ ഫയലുകളോ സൂക്ഷിക്കുന്നില്ല എന്ന് പഞ്ചായത്ത് അധികൃതർ അറിയിച്ചു. 2019-20 സാമ്പത്തിക വർഷത്തിൽ ടി ലേലം സംബന്ധിച്ച തുകകളൊന്നും വരവ് വന്നിട്ടില്ല. ഏതൊക്കെ വർഷങ്ങളിലാണ് പ്രസ്തുത ലേലം നടന്നിട്ടുള്ളതെന്ന് വ്യക്തമല്ല. ലേല തുകയുടെ വിവരങ്ങൾ, അതിൽ നിന്നും എത്ര ശതമാനം വിഹിതമാണ് ഞാറയ്ക്കൽ പഞ്ചായത്തിന് ലഭിക്കുന്നതെന്നും തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്താനായി ഒരു പ്രത്യേക രജിസ്റ്റർ, ലേലം സംബന്ധിച്ച മറ്റ് അനുബന്ധ രേഖകൾ എന്നിവ പഞ്ചായത്തിൽ സൂക്ഷിക്കാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 എസ്.സി.ടി വിദ്യാർത്ഥികൾക്ക് മേശ, കസേര – അപാകതകൾ

1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കൂൾ അധികൃതരിൽ നിന്നും ലഭിക്കുന്ന ലിസ്റ്റ് പ്രകാരം ഒരു വിദ്യാർത്ഥിക്ക് 5000/- രൂപ വരെ ചെലവഴിക്കാമെന്ന സർക്കാർ ഉത്തരവിനു വിധേയമായി 10 വിദ്യാർത്ഥികൾക്ക് മേശയും കസേരയും അംഗീകൃത സ്ഥാപനത്തിൽ നിന്നും വാങ്ങി നല്കുന്നതിന് ഹെഡ് മിസ്ട്രസ്സ് നടപ്പിലാക്കിയതാണ് ഈ പ്രൊജക്ട്. ഇതിൽ അനർഹരായ മൂന്ന് പേർക്ക് ആനുകൂല്യം നല്കി. വിശദാംശങ്ങൾക്ക് ഖ.3-1 കാണുക.

## 1-22 മൂന്ന് അംഗൻവാടി കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായട്ടില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന മൂന്ന് അംഗൻവാടി കെട്ടിടങ്ങൾക്ക് 2020-21 ൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറി നം. 14 നുള്ള മറുപടിയിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. 107, 117, 118 എന്നീ നമ്പർ അംഗൻവാടികൾക്കാണ് ഫിറ്റ്നസ് ഇല്ലാത്തത്. കോടതി കെട്ടിടത്തിൽ പ്രവർത്തിച്ചുവന്നിരുന്ന 107 നമ്പർ അംഗൻവാടി കെട്ടിടം കാലപ്പഴക്കം മൂലം "അൺഫിറ്റ്" ആയതിനാൽ

പൊളിച്ചുപണിയുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും അതുവരെ മറ്റേതെങ്കിലും കെട്ടിടം ലഭ്യമാകുമെങ്കിൽ ഉടൻതന്നെ മാറ്റി പ്രവർത്തിപ്പിക്കാമെന്നും അറിയിച്ചിട്ടുണ്ട്.

117-ാം നമ്പർ അംഗൻവാടി ഞാറക്കൽ ഫിഷറീസ് സ്കൂളിൽ പ്രവർത്തിക്കുന്നതും പുതിയ കെട്ടിടത്തിന് സ്കൂൾ കൊമ്പൗണ്ടിൽ തന്നെ സ്ഥലം ലഭ്യമായിട്ടുള്ളതുമാണ്. അവിടെ പ്രോജക്ട് നം. 130/20 പ്രകാരം ഫൗണ്ടേഷൻ കഴിഞ്ഞപ്പോൾ, സ്കൂൾ അധികൃതർ വിട്ടുകൊടുത്ത സ്ഥലത്തല്ല ഫൗണ്ടേഷൻ ചെയ്തിരിക്കുന്നത് എന്ന കാരണത്താൽ "സ്റ്റേ" ആണെന്നും കെട്ടിടം പണി തുടരുന്നതിന് ശ്രമങ്ങൾ നടത്തിവരികയാണെന്നും അറിയിച്ചിട്ടുണ്ട്. അതുവരെ മറ്റേതെങ്കിലും കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണെന്നും ALMSC കമ്മിറ്റി അംഗങ്ങൾ അറിയിച്ചിട്ടുണ്ടെന്നും പറയുന്നു.

118 നമ്പർ അംഗൻവാടി മഞ്ഞനക്കര സ്കൂളിനു സമീപം പ്രവർത്തിച്ചുവരുന്നു. 45 വർഷത്തിലേറെ പഴക്കമുള്ള ഈ കെട്ടിടം ഫിറ്റ്നസ് ലഭ്യമല്ലാത്തതിനാൽ ALMSC കമ്മിറ്റിയുടെ തീരുമാനപ്രകാരം വാടകയ്ക്ക് മറ്റൊരു കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു.

മേൽ അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണം എത്രയും വേഗം പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 ഒരേ പ്രോജക്ട് രണ്ട് നിർവഹണഉദ്യോഗസ്ഥരെ ഏൽപ്പിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിലെ അംഗൻവാടികളിലേക്ക് വാട്ടർ ടാങ്ക് എന്ന പ്രോജക്ട് 2020-21 വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ പ്രോജക്ട് നം. 172 (So) ആയി നടപ്പിലാക്കുകയുണ്ടായി. ഇതേ പ്രോജക്ട് അസിസ്റ്റന്റ് എൻജിനീയർ പ്രോജക്ട് നം. 127 (So) ആയും നടപ്പിലാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്തിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾ ആകെ 12 എണ്ണം മാത്രമാണുള്ളത്. അസിസ്റ്റന്റ് എൻജിനീയർ 3 അംഗൻവാടികളിൽ പ്രവൃത്തി ആരംഭിച്ചതിനു ശേഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ വിവരം ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് അസിസ്റ്റന്റ് എൻജിനീയർ പ്രവൃത്തി ആവസാനിപ്പിക്കുകയും ബാക്കി 9 അംഗൻവാടികളിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ പ്രവൃത്തി നടപ്പിലാക്കുകയും ചെയ്തു. ഒരേ പ്രോജക്ട് രണ്ട് നിർവഹണ ഉദ്യോഗസ്ഥരെ ഏൽപ്പിക്കുന്നത് ഒഴിവാക്കേണ്ടതാണ്. മാത്രമല്ല നിർമ്മാണ പ്രവൃത്തികളും പ്ലമ്പിംഗ് പ്രവൃത്തികളും ഐ.സി.ഡി.എസ് സൂപ്പർവൈസറെ ഏൽപിക്കുന്നതിലെ അനൗചിത്യവും പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-24 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - അപാകതകൾ

മരണറിപ്പോർട്ടുകൾ (2020-21) ആസ്പദമാക്കി സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം പരിശോധിച്ചതിൽ ഗുണഭോക്താക്കൾ മരണപ്പെട്ടശേഷം പെൻഷൻ അക്കൗണ്ടുകൾ സസ്പെൻറ് ചെയ്യാത്തതുമൂലം നിലവിലും അക്കൗണ്ടുകൾ ആക്ടീവ് ആയി തുടരുകയും വിതരണം ചെയ്യപ്പെട്ട തുകകൾ കൈമാറാൻ സാധിക്കാത്തതായി സ്റ്റാറ്റസ് കാണിക്കുകയും ചെയ്യുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു. ടി തുകകൾ നിലവിൽ ആരുടെ കൈവശമാണെന്നതു സംബന്ധിച്ച് വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട ഓഡിറ്റ് എൻക്വയറി (നം. 2, തീയതി 13.12.2021) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല

A. വാർദ്ധക്യകാല പെൻഷൻ

| ക്രമ നം. | ആധാർ നം., Account No. | പേര് | മരണപ്പെട്ട തീയതി | തുക | കാലയളവ് | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | 566333703275, SBI 67350914042 | M.K.കൃഷ്ണൻ | 25.07.20 | 24200 | 08/20 - 11/21 | ആക്ടീവ് |
| 2 | 815568950621 SBI 35509356213 | ആഗ്നസ് വി. സി. | 14.08.20 | 22900 | 09/20 - 11/21 | ആക്ടീവ് |
| 3 | 991701398195 SBI 67349187473 | ഭാരതി | 29.08.20 | 4200 | 09/20 - 11/20 | സസ്പെൻഡ് 18.12.20 |
| 4 | 390077112489, SBI 67323109641 | പൗലോസ് | 28.07.20 | 24200 | 08/20 - 11/21 | ആക്ടീവ് |

| | | | | | | |
|---|---|---|---|---|---|---|
| 5 | 233832882866 ഡയറക്ട് ടു ഹോം | മേരി ഔസേപ്പ് | 01.08.20 | 10500 | മെയ്, 2020 - 11/2020 | 18.12.20 ൽ സസ്പെൻഡ് ചെയ്തു, തുക കൈമാറാൻ സാധിച്ചില്ല. |
| 6 | 639093025318 / Direct To Home | മിറ്റി അഗസ്റ്റിൻ | 01.09.20 | 18100 | 09/20 - 08/21 | 18.12.20 ൽ സസ്പെൻഡ് ചെയ്തു, തുക കൈമാറാൻ സാധിച്ചില്ല. |

B വിധവപെൻഷൻ ആക്ടീവ് ആയി തുടരുന്നു.

| ക്രമ നം. | ആധാർ നം. | പേര് | മരണപ്പെട്ട തീയതി | തുക | കാലയളവ് | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | 636600857028, SBI 667200591882 | ശാന്ത | 25.07.20 | 24200 | 08/20 - 11/21 | ആക്ടീവ് |

09.10.2020 ലെ DBT Cell Messageപ്രകാരം, മരണപ്പെട്ട ഗുണഭോക്താക്കൾ അനർഹമായി കൈപ്പറ്റിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തുകകൾ എല്ലാം തന്നെ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് H.O Branch Account ലേക്ക് തിരികെ അടവാക്കേണ്ടതാണ്. A/c No.001101023000269, IFS Code KSBK 0000101. മേൽ സന്ദേശത്തെ തുടർന്ന് ഗ്രാമ പഞ്ചായത്ത് ഈ ഇനത്തിൽ തിരികെ അടവാക്കിയ തുകകൾ തിരിച്ചടവാക്കിയ തുക, തീയതി, അക്കൗണ്ട് നമ്പർ, UTR നമ്പർ എന്നിവയുൾപ്പെടുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കേണ്ടതാണ്.

പെൻഷൻ വിതരണം സംബന്ധിച്ച് ഏതാനും ഉദാഹരണങ്ങൾ മാത്രമാണ് എൻക്വയറിയിലൂടെ ലഭ്യമാക്കിയത്. ഗ്രാമപഞ്ചായത്തിൽ പെൻഷൻ വിതരണം നടത്തുന്ന എല്ലാ അക്കൗണ്ടുകളും ഓഡിറ്റിൽ പരിശോധിക്കുക എന്നത് പ്രായോഗികമല്ലാത്തതിനാൽ മേൽ ഉദാഹരണങ്ങളിൽ സംഭവിച്ചിരിക്കുന്ന അപാകതകൾ മറ്റ് അക്കൗണ്ടുകളിലും സംഭവിച്ചിട്ടില്ല എന്ന് ഉറപ്പാക്കുന്നതിനായി ഗ്രാമ പഞ്ചായത്തിലെ മുഴുവൻ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെയും അക്കൗണ്ടുകൾ പരിശോധിച്ച് അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഓരോ സമയത്തും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ കൃത്യമായി ഗുണഭോക്താവിനു ലഭ്യമാകുന്നുണ്ടോ എന്നും മരണപ്പെടുന്നവരുടെ അക്കൗണ്ടുകൾ യഥാസമയം സസ്പെൻഡ് ചെയ്യപ്പെടുന്നുണ്ടോ എന്നതും ഉറപ്പാക്കുന്ന വിധത്തിൽ കൂടുതൽ കാര്യക്ഷമതയോടെ പെൻഷൻ വിതരണം കൈകാര്യം ചെയ്യപ്പെടേണ്ടതുണ്ട്. ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ സംബന്ധിച്ച് ബാങ്ക് സ്റ്റേറ്റ്മെന്റ് വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്. ആയതിനാൽ ഈ വിഷയത്തിൽ ധനകാര്യ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും പഞ്ചായത്ത് കമ്മിറ്റിയുടെയും ബന്ധപ്പെട്ട വാർഡ് മെമ്പർമാരുടെയും അടിയന്തിരമായ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-25 LIFE ഭവനനിർമ്മാണം - ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല

2018-19 ലെ LIFE ഭവനനിർമ്മാണം പദ്ധതി ഗുണഭോക്താവായിരുന്ന ശ്രീമതി തങ്കമണി പാണ്ടികശാലക്കൽ 26.06.18 ന് ആദ്യഗഡുവായ 40,000 /- രൂപ (ബിൽ നം. 20/ 29.06.18 – 3,20,000 /-) കൈപ്പറ്റിയിട്ടുണ്ട്. പിന്നീട് തുക കൈപ്പറ്റിയതിന്റെ വിവരങ്ങൾ ലൈഫ് രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനെത്തുടർന്ന് നല്കിയ എൻക്വയറിക്ക് (നം.11, 17.12.21)വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഇനി പറയുന്ന കാര്യങ്ങൾ അറിയിച്ചു. ഇവർ ഗൃഹനിർമ്മാണം ആരംഭിക്കുകയും തറ നിർമ്മിച്ചതിനുശേഷം പഞ്ചായത്തിൽ നിന്നും താമസം മാറുകയും ചെയ്തു. പലപ്രാവശ്യം ആവശ്യപ്പെട്ടിട്ടും കൈപ്പറ്റിയ തുക തിരിച്ചടക്കുവാൻ സന്നദ്ധയായില്ല. തുടർന്ന് RR നടപടികൾ സ്വീകരിക്കുന്നതിന് പഞ്ചായത്തിൽ അറിയിച്ചു. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ് .

## 1-26 വാർഡുതല-ബാലസഭ

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ പേര് : വാർഡുതല-ബാലസഭ

1) പ്രോജക്ട് നം., വർഷം : SO187/2020-21

അടങ്കൽ തുക : 56000/- വികസന ഫണ്ട്

ചെലവ് തുക : 56000/- വികസന ഫണ്ട്

ബിൽ നം തുക : (1) 340/17.3.2021, തുക 56000/- വികസന ഫണ്ട്

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ വാർഡുതല-ബാലസഭ എന്ന പ്രോജക്റ്റിന് 56,000/- ചെലവഴിച്ചു. എന്നാൽ വാർഡുതലത്തിൽ ബാലസഭ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് വാർഡ് ഒന്നിന് 1000/- മാത്രമാണ് അനുവദനീയം (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2018-19 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലെ സബ്സിഡി – ധനസഹായങ്ങൾക്കുള്ള മാർഗ്ഗരേഖ ഖ.7.6.17) ആകെ പതിനാറ് വാർഡ് മാത്രമുള്ള ഈ പഞ്ചായത്തിൽ 16,000/-രൂപ മാത്രമാണ് വാർഡുതല-ബാലസഭയ്ക്ക് അനുവദനീയം. ആയതിനാൽ അധികമായി 40,000 രൂപ ചെലവഴിച്ചു. അധികമായി ചെലവഴിച്ച തുക തിരികെ ഈടാക്കേണ്ടതാണ്. (ഖ.3.2 കാണുക)

## 1-27 SSK വിഹിതം -വിനിയോഗ വിവരം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | SSK വിഹിതം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം/ വർഷം | 2/2020-21 |
| അടങ്കൽ തുക/ ഫണ്ട് | 900000/- വികസന ഫണ്ട്, |
| ചെലവ് തുക/ബിൽ നം തിയതി | 900000/- ബിൽ നം. 88/ തിയതി 14.8.2020, |

SSK പ്രോജക്റ്റ് ഓഫീസിൽ നിന്നും SSK വിഹിതം ഇനത്തിൽ അടവാക്കിയ തുകയുടെ വിനിയോഗവിവരം, കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കിയില്ല. ചെലവ് തുക 9 ലക്ഷം ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 IKM, വിഹിതം - വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | IKM, വിഹിതം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ടിന്റെ നം/ വർഷം | 3/2020-21 |
| അടങ്കൽ തുക / ഫണ്ട് | 49634/- വികസന ഫണ്ട് , |
| ചെലവ് തുക/ ബിൽ നം തിയതി | 1) 49634/- ബിൽ നം 14/തിയതി 14.8.2020 |

വിനിയോഗവിവരം ഹാജരാക്കിയില്ല. ചെലവുതുക 49634/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 CFLTC പ്രവർത്തന ചെലവ് - അപാകതകൾ

CFLTC പ്രവർത്തനങ്ങൾക്കായി Poject No.251 മുഖേന 7,47,942/-(വികസന ഫണ്ട്) ചെലവഴിച്ചിട്ടുണ്ട് . തനത് ഫണ്ടിൽ നിന്നും 1,38,367/-രൂപ ചെലവഴിച്ചു. എന്നാൽ ഈ പ്രവർത്തനങ്ങൾക്കായി വാങ്ങിയ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. CFLTC പ്രവർത്തനങ്ങളുടെ കൃത്യമായ കണക്കുകൾ സ്റ്റോക്ക് രജിസ്റ്ററുകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-30 മരം വെട്ടി മാറ്റിയത് മരത്തിന്റെ വിനിയോഗം വ്യക്തമല്ല

1.

| | |
|---|---|
| Vr. No. | 22000161/25-5-20 |
| Cheque No. | 148372/22-5-20 |
| തുക | 8,000/- രൂപ |

പഞ്ചായത്തിലെ പൊതുമാർക്കറ്റിലെ മരങ്ങൾ വെട്ടി മാറ്റുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും ഏറ്റവും കുറവ് ക്വട്ടേഷൻ ലഭിച്ച ശ്രീ.ബേബി എന്ന വ്യക്തിക്ക് ക്വട്ടേഷൻ ഉറപ്പിച്ച് നൽകുകയും ചെയ്തു. കലശ്, തല്ലിമരം എന്നിവ വെട്ടുന്നതായാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വെട്ടി മാറ്റിയ മരങ്ങൾ പിന്നീട് വാല്യുവേഷൻ ലഭിക്കുന്ന മുറക്ക് ലേലം ചെയ്യാവുന്നതാണ് എന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പിന്നീട് ഇത് ലേലം ചെയ്തത് സംബന്ധിച്ച വിവരങ്ങൾ ഒന്നും ലഭ്യമല്ല.

ഈ മരങ്ങൾ ലേലം ചെയ്ത് വിൽപന നടത്തി വരുമാനം ഉണ്ടാക്കേണ്ടതിനു പകരം പഞ്ചായത്തിൽ നിന്നും നിശ്ചിതതുക

നൽകി വെട്ടിമാറ്റാനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

2.

| | |
|---|---|
| Vr. No. | 22000121/12-5-20 |
| Cheque No. | 148348/11-5-20 |
| തുക | 7000/- രൂപ |

പഞ്ചായത്തിലെ അവങ്ങാട്ട് തോടിന് കുറുകേ വീണ ആൽ മരം വെട്ടി മാറ്റുന്നതിന് 7000/- രൂപ നൽകിയിട്ടുണ്ട്. വെട്ടി മാറ്റിയ മരങ്ങളുടെ വിനിയോഗം സംബന്ധിച്ച മറ്റ് വിവരങ്ങൾ ഒന്നും ലഭ്യമല്ല. വെട്ടിമാറ്റിയ മരങ്ങൾ സ്റ്റോക്കിലെടുക്കേണ്ടതും അത് ലേലം ചെയ്ത് വിൽക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ST വിദ്യാർത്ഥികൾക്ക് മേശ,കസേര -അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം., പേര് | എസ് 0110/21, ST വിദ്യാർത്ഥികൾക്ക് മേശ, കസേര |
| അടങ്കൽ | 50000/- (വികസനഫണ്ട് - TSP) |
| ചെലവ് | 50000/-, ബിൽ നം. 02 / 27.03.21 |
| നിർവഹണഉദ്യോഗസ്ഥൻ | ഹെഡ് മിസ്ട്രസ്സ്, ഗവ.ഫിഷറീസ് യു. പി. സ്കൂൾ |

1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കൂൾ അധികൃതരിൽ നിന്നും ലഭിക്കുന്ന ലിസ്റ്റ് പ്രകാരം ഒരു വിദ്യാർത്ഥിക്ക് 5000/- രൂപ വരെ ചെലവഴിക്കാമെന്ന സർക്കാർ ഉത്തരവിനു വിധേയമായി 10 വിദ്യാർത്ഥികൾക്ക് മേശയും കസേരയും അംഗീകൃത സ്ഥാപനത്തിൽ നിന്നും വാങ്ങി നല്കുന്നതിന് ഹെഡ് മിസ്ട്രസ്സ് നടപ്പിലാക്കിയതാണ് ഈ പ്രൊജക്ട്.ഇതുപ്രകാരം 10 പേർക്ക് നല്കുന്നതിനുവേണ്ടി മേശയും കസേരയും ARTCO യിൽ നിന്ന് വാങ്ങിയിട്ടുണ്ട്. (ഇൻവോയ്സ് നം.719/25.03.21). പ്രൊജക്ട് നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1) 14.02.18 ലെ സർക്കാർ ഉത്തരവ് (കൈ)നം.22/2018/ തസ്വഭവ യിലെ ഖ. 7.2.7 പ്രകാരം ഒരു വിദ്യാർത്ഥിക്ക് പഠനകാലയളവിൽ ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നല്കാവൂ. വിതരണരേഖകൾ പരിശോധിച്ചതിൽ തൻവർഷം മേശയും കസേരയും കൈപ്പറ്റിയ ആര്യ അനിൽകുമാർ, അഭിജിത എന്നിവർ 2016-17 ൽ ഇതേ ആനുകൂല്യം ലഭിച്ചിട്ടുള്ളവരാണെന്ന് കാണുകയുണ്ടായി. സർക്കാർ ഉത്തരവിനു വിരുദ്ധമായി ഒരു തവണ ലഭിച്ചവർക്ക് തന്നെ വീണ്ടും ആനുകൂല്യം അനുവദിച്ചു.

2) അഭിനവ് ബൗദ്ധദേവ് എന്ന വിദ്യാർത്ഥിക്ക് സ്കൂൾ അധികൃതരുടെ സാക്ഷ്യപത്രമില്ലാതെയാണ് മേശയും കസേരയും നല്കിയിരിക്കുന്നത്.

ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (നം.7, 14.12.21) പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റിലെ അനർഹരെ കണ്ടെത്തുവാൻ ആവശ്യമായ സമയം കിട്ടിയില്ല എന്നും പദ്ധതിതുക ലാപ്സാകാതിരിക്കുവാനാണ് ലഭ്യമായ സമയത്തിനുള്ളിൽ പ്രൊജക്ട് നടപ്പിലാക്കിയതെന്നും അറിയിച്ചു. അഭിനവ് എന്ന ഗുണഭോക്താവ് 2021-22 ൽ ഞാറക്കൽ എസ്. കെ. വി. എ. എൽ. പി സ്കൂളിലെ ഒന്നാം ക്ലാസ്സ് വിദ്യാർത്ഥിയാണെന്ന് തെളിയിക്കുന്ന ഹെഡ്മിസ്ട്രസ്സിന്റെ സാക്ഷ്യപത്രമാണ് ഹാജരാക്കിയത്. 2021-22 ൽ പഠനം ആരംഭിച്ച വിദ്യാർത്ഥിക്ക് 2020-21 ൽ മേശയും കസേരയും നല്കിയത് അംഗീകരിക്കുവാൻ കഴിയില്ല. മറുപടി സ്വീകാര്യമല്ലാത്തതിനാൽ അനർഹരായ മൂന്ന് പേർക്ക് ആനുകൂല്യം നല്കുവാൻ ചെലവഴിച്ച 15,000/- രൂപ നിർവഹണഉദ്യോഗസ്ഥയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

### 3-2 വാർഡുതല-ബാലസഭ, അധികം തുക ചെലവഴിച്ചു.

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ പേര് : വാർഡുതല-ബാലസഭ

1) പ്രോജക്ട് നം., വർഷം : S0187/2020-21

അടങ്കൽ തുക : 56,000/- വികസന ഫണ്ട്

ചെലവ് തുക : 56,000/- വികസന ഫണ്ട്

ബിൽ നം തുക : (1) 340/17.3.2021, തുക 56,000/- രൂപ വികസന ഫണ്ട്

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ വാർഡുതല-ബാലസഭ എന്ന പ്രോജക്ടിന് 56,000/- ചെലവഴിച്ചു. എന്നാൽ വാർഡുതലത്തിൽ ബാലസഭ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് വാർഡ് ഒന്നിന് 1000/- മാത്രമാണ് അനുവദനീയം. ആകെ പതിനാറ് വാർഡ് മാത്രമുള്ള ഈ പഞ്ചായത്തിൽ 16,000/-രൂപ മാത്രമാണ് വാർഡുതല-ബാലസഭ പ്രവർത്തനങ്ങൾ നടപ്പാക്കുന്നത് പരമാവധി നല്കാവുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2018-19 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലെ സബ്സിഡി ധനസഹായങ്ങൾക്കുള്ള മാർഗ്ഗരേഖ ഖണ്ഡിക 7.6.17. പഞ്ചായത്തു തലത്തിൽ ബാലസഭ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് കോവിഡ് പ്രോട്ടോക്കോൾ നിലനില്ക്കുമ്പോൾ അനുവദിക്കപ്പെട്ടിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അധികമായി ചെലവഴിച്ച 40,000/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 21.12.2021 ൽ 19-ാം നമ്പരായി നല്കിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2020-21 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | ഗ്യാസ് ശ്മശാനത്തിന് വൈദ്യുതി കണക്ഷൻ | 22000390 / 03.08.20 | 107450/- | 0 | 107450/- |
| KSEB | ഗ്യാസ് ശ്മശാനം വൈദ്യുതീകരണം | 22000562 / 11.09.20 | 19342/- | 0 | 19342/- |

ബാലൻസ് ഷീറ്റിൽ നാളിതുവരെ ക്രമീകരിക്കാത്ത മുൻകൂറായി വാട്ടർ അതോറിറ്റിയിൽ (460500201) 16,47,000/-രൂപയും ഇലക്ട്രിസിറ്റി ബോർഡിൽ (460500202) 22,45,021/- രൂപയും നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട് .

### 4-3 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 403241 | പുരുഷോത്തമൻ റോഡ് കോൺക്രീറ്റിംഗ് | 403241 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 340200 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 340200 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 432027 | ഊടാറക്കൽ റോഡ് സ്ലാബ്, കാന നിർമ്മാണം | 432027 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 87000 | വയോജനങ്ങൾക്ക് കട്ടിൽ | 87000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 499777 | ഓടംപള്ളി റോഡ് ടാറിംഗ് | 499777 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 80000 | പേൾ സ്പോട്ട് ഫാമിംഗ് | 80000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1000000 | ആസാം ലെയിൻ റോഡ് കോൺക്രീറ്റിംഗ് | 1000000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2020-21 | 1705782 | പൊലീസ് സ്റ്റേഷൻ റോഡ് ടാറിംഗ് | 1705782 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1000000 | കയർ സൊസൈറ്റി റോഡ് ഇന്റർലോക്കിംഗ് | 1000000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 82200 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 82200 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 1197264 | ആഞ്ചലോ റോഡ് മുതൽ ഓടമ്പിള്ളി വരെ റോഡ് ടാറിംഗ് | 1197264 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 991522 | പൊഴീൽ റോഡ് റീടാറിംഗ് & സൈഡ് കെട്ട് | 991522 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 390757 | പെരുമ്പിള്ളി കിഴക്കേ അപ്പങ്ങാട് കുറ്റിക്കാട് റോഡ് പൂർത്തീകരണം | 390757 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 679042 | കിഴക്കേഅപ്പങ്ങാട് കുറ്റിക്കാട് റോഡ് അറ്റകുറ്റപണികൾ | 679042 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 944828 | ഫിഷ് ഫാം റോഡ് റീടാറിംഗ്, സൈഡ് പ്രൊട്ടക്ഷൻ | 944828 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിൽ മുൻബാക്കി. 21,58,403/-രൂപയിൽ 7,32,157/-രൂപ തിരിച്ചടവ് നടത്തിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ബാലൻസ് ഷീറ്റ് പ്രകാരം 28,27,052/- രൂപയാണ് തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത്. ലോൺ വിശദാംശം ലഭ്യമാക്കുന്നതിനായി ഓഡിറ്റ് റിക്വിസിഷൻ നല്കിയെങ്കിലും ഹാജരാക്കിയില്ല. ലോൺ രജിസ്റ്ററും എഴുതി സൂക്ഷിക്കുന്നില്ല. ലോൺ ലഭിച്ചത് ഉടങ്ങിയുള്ള വിശദമായ രേഖകൾ, ഉത്തരവുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | ലഭ്യമാക്കിയില്ല | | 2158403 | 732157 | | 1426246 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 72003464 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 81198359 |
| വരവിനങ്ങളിലുള്ള നഷ്ടം | : - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 55000 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 949634 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 15000 | ശ്രീലത എം.ആർ, ഹെഡ്മിസ്ട്രസ്സ് ഗവ.ഫിഷറീസ് യു.പി.എസ്, ഞാറയ്ക്കൽ |
| 3-2 | | 40000 | ദിമിത്രിയോവ്, സെക്രട്ടറി ഇൻ ചാർജ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 900000 | റുബിന കെ.എച്ച്, സെക്രട്ടറി |
| 1-28 | 49643 | ശ്രീലത എം.ആർ, ഹെഡ്മിസ്ട്രസ്സ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീലത എം ആർ ഹെഡ്മിസ്ട്രസ്സ് | ഹെഡ്മിസ്ട്രസ്സ്, ഗവ.ഫിഷറീസ് യു.പി.എസ്, ഞാറയ്ക്കൽ | ശ്രീവിഹാർ, വെളിയത്താംപറമ്പ് നായരമ്പലം |
| ദിമിത്രയോവ് കെ.ജി, അസി.സെക്രട്ടറി | സെക്രട്ടറി ഇൻ ചാർജ്, ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത് | പുത്തൻപുരയ്ക്കൽ പുതുവൈപ്പ് പി.ഒ, എറണാകുളം. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| | |
|---|---|
| 2000-01 | എൽ.എഫ്.ഇ.പി.3-942/04/17.9.04 |
| 2001-02 | എൽ.എഫ്.ഇ.പി.3-942/04/17.9.04 |
| 2000-01 (ചെലവ്) | എൽ.എഫ്.ഇ.പി.3-311/05/4.11.2005/4.1.06 |
| 2001-02 (ചെലവ്) | എൽ.എഫ്.ഇ.പി.3-312/05/4.11.05/4.1.06 |
| 2002-03 | എൽ.എഫ്.ഇ.പി.3-652/06/24.11.06/15.9.07 |
| 2003-04 | എൽ.എഫ്.ഇ.പി.3-653/06/24.11.06/ 15.9.07 |
| 2004-05 | എൽ.എഫ്.ഇ.പി.3-1396/07/24.11.06 /15.9.07 |
| 2005-06 | എൽ.എഫ്.ഇ.പി.3-1397/07/24.11.06 /15.9.07 |
| 2006-07 | എൽ.എഫ്.ഇ.പി.3-1398 /07/9.3.2010/9.6.10 |
| 2007-08 | എൽ.എഫ്.ഇ.പി.3-1743/08/16.7.09/5.10.09 |
| 2008-09 | എൽ.എഫ്.ഇ.പി.3-1670/11/10.4.12 /1.8.12 |
| 2009-10 | എൽ.എഫ്.ഇ.പി.3-1671(എ))/11/7.4.12/1.8.12 |
| 2010-11 | എൽ.എഫ്.ഇ.പി.3-21/12/10.2.12 /6.3.12 |
| 2011-12 | എൽ.എഫ്.ഇ.പി.3-250/14/11.3.14/9.4.2014 |
| 2012-13 | എൽ.എഫ്.ഇ.(പി.3/177/2015 തീയതി 16.02.2015 |
| 2013-14 | എൽ.എഫ്.ഇ.(പി.3/177/2015 തീയതി 16.02.2015 |

| | |
|---|---|
| 2014-15 | കെ.എസ്.എ-ഇ.കെ.എം(പി3)1132/2016 തീയതി 04.07.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം(പി3)1923/2016 തീയതി 04.12.16 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി-3)1759/2017 തീയതി 26-10-17 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(പി-3)20/2019തീയതി 15-07-19 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം(പി-3)1695/2019തീയതി 5-11-19 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം(പി-3)1936/2021 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടിഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
എറണാകുളം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്